# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1605 | 13.07.2011 -ൽ മറുപടിയ്ക്ക് |
|---|---|

### ഡിഫറന്റലി ഏബിൾഡ് വിഭാഗക്കാരുടെ ഉന്നമനവും പുനരധിവാസവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ.കെ.എൻ.എ. ഖാദർ:<br>ശ്രീ.സി.മോയിൻ കുട്ടി: | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | ഡിഫറന്റലി ഏബിൾഡ് വിഭാഗക്കാരുടെ ഉന്നമനവും പുനരധിവാസവും ലക്ഷ്യമിട്ട് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരം നല്കുമോ; | എ | 1. സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം 2. സ്വയംതൊഴിൽ (ബാങ്ക് ലോൺ സബ്സിഡി) 3 മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങിയ വികലാംഗർക്കുള്ള സബ്സിഡി 4 അംഗവൈകല്യമുള്ളവർക്കുള്ള പ്രൊഫിഷൻസി അവാർഡ് 5. വൈകല്യമുള്ളവർക്കുവേണ്ടി മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്-കം-ഗൈഡൻസ് 6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം 7. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്പ് മെന്റ് കോർപ്പറേഷന്റെ വായ്പകൾക്കുള്ള വികലാംഗക്ഷേമ കോർപ്പറേഷന്റെ വിഹിതം 8. തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി 9. പ്രായമായവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, മുതിർന്ന പൗരന്മാർക്കുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പ്. |
| ബി | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സഹായങ്ങൾ എന്തെല്ലാമെന്നതിന്റെ വിശദ വിവരം നല്കാമോ; | ബി | വികലാംഗരുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 2009-10 വർഷം എ.ഡി.ഐ.പി. പദ്ധതി പ്രകാരം വികലാംഗർക്കാവശ്യമായ വിവിധതരം സഹായ ഉപകരണങ്ങളായ വീൽചെയർ, ട്രൈസൈക്കിൾ, ശ്രവണ സഹായി, കാലിപ്പർ, ലിംബ്, ക്രച്ചസ്, വാക്കിംഗ് സ്റ്റിക്ക്, വൈറ്റ് കെയിൻ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതിന് 1.78 കോടി രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് 1937 വികലാംഗർക്ക് സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച തീയതിയും സ്ഥലവും ചുവടെ ചേർക്കുന്നു.<br>1. 06.12.10 - കൊല്ലം, നെടുവത്തൂർ<br>2.21.06.10 മുതൽ 24.06.10 - കാസർഗോഡ് കാഞ്ഞങ്ങാട് ബ്ലോക്ക് (എൻഡോസൾഫാൻ മേഖല) 3. 30.06.10 - മലപ്പുറം, മങ്കട ബ്ലോക്ക് 4 07.07.10 തൃശ്ശൂർ ഒല്ലൂർക്കര ബ്ലോക്ക് 5. 10.07.10 - കോട്ടയം, വൈക്കം ബ്ലോക്ക് 6. 09.09.10 - പത്തനംതിട്ട, പറക്കോട് ബ്ലോക്ക് 7. 18.12.10 - കോഴിക്കോട്, ഫറോക്ക് 8. 16.01.11 - കോട്ടയം, പാല 9. 22.01.11 വയനാട്, മാനന്തവാടി 10. 18.06.11 - കണ്ണൂർ, തളിപ്പറമ്പ്. |

| | | | |
|---|---|---|---|
| സി | എൻ.പി.ആർ.ഡി. പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | സി | ഉണ്ട്. എൻ.പി.ആർ.പി.ഡി. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും വികലാംഗക്ഷേമ കോർപ്പറേഷന് ധനസഹായം 2.57 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ഡി | ഈ പദ്ധതി പ്രകാരം ലഭിച്ച തുകയുടെയും പലിശയുടെയും വിനിയോഗം സംബന്ധിച്ചും അതു മുഖേന പുനരധിവസിക്കപ്പെട്ട ഗുണഭോക്താക്കളെ സംബന്ധിച്ചും വിശദ വിവരം നല്കുമോ? | ഡി | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Mary Nalini Rek...

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.